# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് പതിന്നാല്

Tue ⇒

## വിശുദ്ധ സഹോദരന്മാരും സ്വർഗീയവിളിയുടെ പങ്കാളികളും

### I. വിശുദ്ധ സഹോദരന്മാർ

ഈ ദൂതിൽ നാം എബ്രായർ 3-ലേക്കു വരുന്നു. ഈ അധ്യായം തുറക്കുന്നത് ഇങ്ങനെയാണ്: "അതുകൊണ്ട് വിശുദ്ധ സഹോദരന്മാരേ, സ്വർഗീയ വിളിയുടെ പങ്കാളികളേ." ഈ രണ്ടു സ്ഥാനപ്പേരുകൾ എനിക്കിഷ്ടമാണ് — വിശുദ്ധ സഹോദരന്മാരും സ്വർഗീയ വിളിയുടെ പങ്കാളികളും. പുതിയ നിയമത്തിലെ മറ്റൊരു പുസ്തകവും നമ്മെ വിശുദ്ധ സഹോദരന്മാർ എന്നു വിളിക്കുന്നില്ല. വിശുദ്ധ സഹോദരന്മാർ എന്ന സ്ഥാനപ്പേര് രണ്ടു പ്രധാന കാര്യങ്ങൾ സൂചിപ്പിക്കുന്നു, നാം വിശുദ്ധന്മാരാണെന്നും നാം സഹോദരന്മാരാണെന്നും. നാം വെറും സഹോദരന്മാരല്ല വിശുദ്ധ സഹോദരന്മാരാണ്. നിങ്ങൾ ഒരു വിശുദ്ധ സഹോദരനാണെന്ന് പറയുവാൻ നിങ്ങൾക്കു ധൈര്യമുണ്ടോ? ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ ക്രിസ്തുവിനെയും നമ്മെയും സംബന്ധിച്ച നിരവധി യോഗ്യതകൾ പറയുന്നതുവരെ ഈ പുസ്തകത്തിന്റെ എഴുത്തുകാരന് നമ്മെ വിശുദ്ധ സഹോദരന്മാർ എന്നു വിളിക്കുവാൻ കഴിഞ്ഞില്ല. മൂന്നാം അധ്യായത്തിലെത്തുമ്പോഴേക്കും നമ്മെ വിശുദ്ധ സഹോദരന്മാർ എന്നു വിളിക്കുവാൻ അവന് സാധിച്ചു. തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ ക്രിസ്തു നമ്മെ അവന്റെ സഹോദരന്മാരാക്കി. മൗലികമായി, നാം പാപികളും, മരണത്തിനിരയായവരും, തടവുകാരും, ബദ്ധന്മാരും ആയിരുന്നു. അവന്റെ മരണം നമ്മുടെ പാപങ്ങൾക്കു വേണ്ടിയുള്ള അനുനയമാകുകയും മരണത്തിന്റെ അടിമത്തത്തിൽനിന്ന് നമ്മെ വിടുവിക്കുകയും ചെയ്തതിനായി അവനെ സ്തുതിക്കാം. അവന്റെ പുനരുത്ഥാനത്തിൽ നാം അവന്റെ സഹോദരന്മാരായി ഉളവാക്കപ്പെട്ടു. അതിനാൽ ഇപ്പോൾ നമ്മെ വിശുദ്ധ സഹോദരന്മാർ എന്ന് വിളിക്കുവാൻ കഴിയും. കർത്താവിന്റെ പുനരുത്ഥാനത്തിൽ ജനിപ്പിക്കപ്പെട്ട സഹോദരന്മാർ

വിശുദ്ധീകരണ പ്രക്രിയയിലാണെന്ന് രണ്ടാം അധ്യായത്തിൽ നാം കാണുന്നു. അതുകൊണ്ട് നാം വിശുദ്ധ സഹോദരന്മാരാണ്. നാം കേവലം പാപരഹിതമായ തികഞ്ഞവരല്ല; നാം ദിവ്യ വിശുദ്ധരാണ്.

ദൈവത്തിന്റെ അഭിഷിക്തനുമായുള്ള നമ്മുടെ ബന്ധത്തെ 1:9-ൽ നാം കാണുന്നു. ക്രിസ്തുവിനെ അഭിസംബോധന ചെയ്യുന്ന ആ വാക്യം പറയുന്നു: "നിന്റെ ദൈവം, നിന്റെ കൂട്ടാളികൾക്കു മീതെ നിന്നെ ഹർഷോന്മാദത്തിൻ എണ്ണകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു." കിംഗ് ജെയിംസ് ഭാഷ്യം *കൂട്ടാളികൾ* എന്നതിനുള്ള യവനപദത്തെ "കൂട്ടുകാർ" എന്ന് വിവർത്തനം ചെയ്തിരിക്കുന്നു. എന്നാൽ ഒരു കൂട്ടാളി കൂട്ടുകാരനെക്കാൾ മേന്മയേറിയതാണ്. കൂട്ടാളികളാകാതെ നമുക്കു കൂട്ടുകാരായിരിക്കാം, എന്നാൽ നാം കൂട്ടാളികളാണെങ്കിൽ തീർച്ചയായും നാം കൂട്ടുകാരാണ്. ദൈവത്തിന്റെ വ്യവസ്ഥയിൽ, ദൈവം തന്റെ പദ്ധതി നിറവേറ്റുന്നതിനായി നിയോഗിച്ചിട്ടുള്ളത് ക്രിസ്തുവിനെയാണ്, നാം ദിവ്യ താൽപര്യത്തിൽ ക്രിസ്തുവിന്റെ കൂട്ടാളികളാണ്. അവൻ ദൈവത്താൽ അഭിഷേകം ചെയ്യപ്പെടുകയും, നാം ദൈവോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയുള്ള അവന്റെ അഭിഷേകത്തിൽ പങ്കുകൊള്ളുകയും ചെയ്യുന്നു. ക്രിസ്തുവാണ് ദൈവത്താൽ നിയമിക്കപ്പെട്ട അവകാശി, ഈ നിയുക്ത അവകാശി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നതായി 1:9-ൽ നാം കാണുന്നു. അഭിഷേകം നിയമനത്തെ സ്ഥിരീകരിക്കുന്നു. ഒന്നാമതായി, ദൈവം പുത്രനെ നിയമിക്കുകയും, പിന്നീട് അവൻ അവനെ അഭിഷേകം ചെയ്യുകയും ചെയ്തു. ക്രിസ്തുവിന്റെ കൂട്ടാളികളെന്ന നിലയിൽ നാമെല്ലാവരും അവന്റെ അഭിഷേകത്തിൽ പങ്കുപറ്റുന്നു. നാം ദൈവത്തിന്റെ അഭിഷിക്തന്റെ കൂട്ടാളികളാണ്, നാം അവന്റെ അഭിഷേകത്തിൽ പങ്കുകൊള്ളുന്നു. ഇത് സുവിശേഷത്തിന്റെ ഭാഗമാണ്. ഇത് പൂർണ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നിരവധി ആളുകൾ പൂർണ സുവിശേഷത്തെക്കുറിച്ച് സംസാരിക്കുന്നു. പൂർണ സുവിശേഷത്തിൽ ക്രിസ്തുവിനോടുകൂടെയുള്ള നമ്മുടെ പങ്കാളിത്തം ഉൾപ്പെടുന്നു. ഈ അത്ഭുതകരമായ കാര്യം പൂർണ സുവിശേഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നാം ക്രിസ്തുവിന്റെ കൂട്ടാളികളാണെന്നും നാം അവന്റെ അഭിഷേകത്തിൽ പങ്കുചേരുന്നുവെന്നും നാം എല്ലാവരും കാണേണ്ടതാവശ്യമാണ്. ഇതു നിമിത്തം, നാം 3:1-ൽ എത്തുമ്പോഴേക്കും വിശുദ്ധ സഹോദരന്മാരായിരിക്കേണ്ടതെല്ലാം നമുക്കുണ്ട്. നമുക്ക് നിൽപ്പും യോഗ്യതകളും യാഥാർഥ്യവും ജീവനും സ്വഭാവവും സ്രോതസ്സും നമുക്കാവശ്യമുള്ളതെല്ലാം ഉണ്ട്. നാം ഇപ്പോൾ വിശുദ്ധ സഹോദരന്മാരാണ്.

നിങ്ങൾ അങ്ങനെയുള്ള ഒരു വിശുദ്ധ സഹോദരനാണെന്ന് അറിഞ്ഞുവെങ്കിൽ, നിങ്ങൾ എന്തു ചെയ്യും? നിങ്ങൾ ഇനിയും

സിഗരറ്റു വലിക്കുമോ? ഒരു സഹോദരൻ സിഗരറ്റ് വലിക്കുന്നത് ഞാൻ കാണുമ്പോഴെല്ലാം എന്റെ മുഴുവൻ ആളത്തവും താഴേക്കു പോകുന്നു. ഞാൻ സ്വയം പറയുന്നു, "സഹോദരാ, ഏശാവു വിറ്റതിനെക്കാൾ കുറഞ്ഞ വിലയ്ക്ക് നിന്റെ ജന്മാവകാശത്തെ നീ ഇപ്പോൾ വിറ്റുകളഞ്ഞു." ഒരു വിശുദ്ധ സഹോദരന് ഇപ്പോഴും സിഗരറ്റ് വലിക്കാൻ എങ്ങനെ കഴിയും? നമുക്ക് ചട്ടങ്ങളോ നിയമസാധുതകളോ ഇല്ലെങ്കിലും, നമുക്ക് നമ്മുടെ പ്രൗഢി ഉണ്ട്. നാം വിശുദ്ധർ മാത്രമല്ല; നാം രാജകീയ പ്രൗഢിയുള്ളവരുമാണ്. നമ്മുടെ സ്ഥാനം പരിഗണിക്കുക; നാം ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സഹോദരന്മാരും, നാം ദൈവത്തിന്റെ അഭിഷിക്തന്റെ കൂട്ടാളികളും ആണ്. ഇതൊരു ചെറിയ കാര്യമല്ല. നിങ്ങൾ അമേരിക്കൻ പ്രസിഡന്റിന്റെ ഒരു സഹോദരനായിരുന്നുവെങ്കിൽ, നിങ്ങൾ വളരെ അഭിമാനിക്കുകയും ഒരു നിശ്ചിത അളവിലുള്ള പ്രൗഢി ഉണ്ടായിരിക്കുകയും ചെയ്യും. എന്നാൽ നിങ്ങൾ ആരുടെ സഹോദരനാണ്? നിങ്ങൾ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ ഒരു സഹോദരനും ദൈവത്തിന്റെ പദ്ധതിയുടെ നിറവേറലിനുവേണ്ടിയുള്ള ദൈവത്തിന്റെ അഭിഷിക്തന്റെ ഒരു കൂട്ടാളിയും ആണ്. പുകവലി ദൈവത്തിന്റെ അഭിഷിക്തന് ഒരു അപമാനമാണ്. അതെ, നിങ്ങൾ പുകവലിക്കരുതെന്ന് വേദപുസ്തകം ഒരിക്കലും പറയുന്നില്ല, പുതിയനിയമം നിയമങ്ങളുടെ ഒരു പുസ്തകമല്ല, വിശുദ്ധ സഹോദരന്മാരുടെ ഒരു പുസ്തകമാണ്. എന്നിരുന്നാലും, കർത്താവ് നിങ്ങളുടെ കണ്ണുകൾ തുറക്കുകയും പൂർണ സുവിശേഷത്തിലുള്ള ഈ ആശ്ചര്യകരമായ കാര്യത്തിൽ നിങ്ങൾക്ക് മതിപ്പുളവാക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ മറ്റൊരു വ്യക്തിയായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ മഹാപുരോഹിതൻ അവനെത്തന്നെ നിങ്ങളിലേക്കു ശുശ്രൂഷിക്കുന്നതിനുവേണ്ടി നിങ്ങൾ വളരെ തുറന്നവരായിരിക്കും. ഇത് നിങ്ങളുടെ അഭിരുചിയെ മാറ്റും. ഇനി ഒരിക്കലും സിഗരറ്റ് നിങ്ങൾക്ക് രുചികരമായിരിക്കയില്ല.

ഇങ്ങനെയുള്ള ഒരു ദർശനം നമ്മുടെ സുവിശേഷ പ്രസംഗത്തെ മാറ്റും. ഇന്നുള്ള സുവിശേഷപ്രസംഗം വളരെ താണതാണ്. നാം സുവിശേഷം പ്രസംഗിക്കുമ്പോൾ, അവർ പാപികളാണെന്നും അവർ ശിക്ഷവിധിക്കപ്പെട്ടവരാണെന്നും അവർ നശിക്കുവാൻ പോകുന്നുവെന്നും മാത്രം ജനത്തോടു പറയരുത്. ജനം ആദ്യജാതനായ പുത്രന്റെ സഹോദരന്മാർ, ദൈവത്തിന്റെ നിത്യപദ്ധതി നിറവേറ്റുന്നതിലുള്ള അവന്റെ കൂട്ടാളികൾ പോലും ആയിത്തീരേണ്ടതിന്, തന്റെ ആദ്യജാതനായ പുത്രനിൽ വിശ്വസിക്കുവാൻ ദൈവം അവരെ വിളിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് വളരെ ഉയർന്ന രീതിയിൽ നാം സുവിശേഷം പ്രസംഗിക്കണം.

ഇന്ന് ഇങ്ങനെയുള്ള പ്രസംഗത്തിന്റെ ആവശ്യമുണ്ട്. ഇത്തരത്തിൽ പ്രസംഗിക്കുവാൻ ചില ചെറുപ്പക്കാരായ സഹോദരന്മാർക്ക് ഭാരമുണ്ടായിരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ജനം പാപികളാണെന്നും നരകത്തിലേക്കു പോകുകയാണെന്നുമുള്ള സുവിശേഷപ്രസംഗം അതേ പഴയ സ്വരത്തിൽ അവരോടു പറയുന്നതു കേൾക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇതു തെറ്റല്ലെങ്കിലും ഇതു വളരെ താണതാണ്. പാപികളോട് എങ്ങനെ അവർക്ക് പരിവർത്തിതരായി വിശുദ്ധ സഹോദരന്മാരായി രൂപാന്തരപ്പെടാമെന്ന് പറഞ്ഞുകൊണ്ട് എബ്രായർ 3:1-ൽ നിന്നുള്ള സുവിശേഷം നാം പ്രസംഗിക്കണം. ചെറുപ്പക്കാർ ഈ സുവിശേഷം പ്രസംഗിക്കുകയാണെങ്കിൽ, അവരുടെ സഹപാഠികളിൽ അനേകർ ആകർഷിക്കപ്പെടും.

മുപ്പത്തൊമ്പതിലധികം വർഷങ്ങൾക്കു മുമ്പ്, ഞാൻ ചെറുപ്പമായിരുന്നപ്പോൾ, ചൈനയുടെ പഴയ തലസ്ഥാനമായ പീക്കിംഗിൽ ഞാൻ കുറച്ചു കാലം താമസിച്ചു. പീക്കിംഗ് യൂണിയൻ മെഡിക്കൽ കോളേജ് എന്നു വിളിക്കപ്പെടുന്ന റോക്കിഫെല്ലർ ഫൗണ്ടേഷൻ സ്പോൺസർ ചെയ്ത് സഹായിക്കുന്ന ഒരു മികച്ച ആശുപത്രി പീക്കിംഗിൽ ഉണ്ടായിരുന്നു. ഏറ്റവും ഉയർന്ന നിലവാരമുള്ള ഒരു മികച്ച ആശുപത്രിയായിരുന്നു അത്. ആ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന നഴ്സുമാരിൽ അനേകർ സഭയ്ക്കുവേണ്ടി പിടിക്കപ്പെടുകയും, ഉന്നത സുവിശേഷം പ്രസംഗിച്ചതിലൂടെ ഡോക്ടർമാരിലും ചിലർ പിടിക്കപ്പെടുകയും ചെയ്തു. അവരെല്ലാവരും എരിവുള്ളവരായിരുന്നു. ഇത്തരത്തിലുള്ള പ്രസംഗമാണ് ഇന്നു നമുക്ക് ആവശ്യമായിരിക്കുന്നത്.

Wed ⇒ ഉന്നതമായ ചിലത് ഞാൻ കണ്ടതുകൊണ്ട് ഞാൻ ഭാരപ്പെട്ടിരിക്കുന്നു. ജനം മെച്ചമായ ചിലതു പ്രാപിക്കുന്നതു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. താണ രീതിയിൽ നാം സുവിശേഷം പ്രസംഗിക്കരുത്. എന്താണ് സുവിശേഷത്തിന്റെ കേന്ദ്രം, ഉയർന്ന ബിന്ദു? അത്, ദരിദ്രനായ ഒരു പാപിയെ എടുത്ത്, അവന്റെമേൽ കുറച്ച് രക്തത്തുള്ളികൾ തളിക്കുകയും അവനെ സ്വർഗത്തിലേക്ക് അയയ്ക്കുകയും ചെയ്യുന്നതാണോ? ദൈവത്തിന്റെ സുവിശേഷം ഇത്ര മാത്രമേ ചെയ്യുന്നുള്ളൂവെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? ഇല്ല, അത് ഇതിനേക്കാൾ വളരെ ഉയർന്നതാണ്. ആളുകളെ വിശുദ്ധ സഹോദരന്മാരാക്കുന്നതാണ് ദൈവത്തിന്റെ സുവിശേഷം. ഇത് എന്റെ ആശയമല്ല; ഇത് എബ്രായിലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ആശയമാണ്. തന്റെ പുനരുത്ഥാനത്തിൽ, ക്രിസ്തു നമ്മെയെല്ലാം തന്റെ സഹോദരന്മാരാക്കുകയും പിതാവിനെ നമുക്കു പ്രഖ്യാപിക്കുവാനായി നമ്മിലേക്ക് വരുകയും ചെയ്തു. ഇപ്പോൾ, വിശുദ്ധീകരിക്കുന്നവനെന്ന നിലയിൽ, നമ്മെ വിശുദ്ധന്മാരാക്കുന്ന വിശുദ്ധീകരണവേല നിർവഹിക്കുവാൻ അവൻ

യോഗ്യനായിരിക്കുന്നു. നാം ദൈവത്തിന്റെ പദ്ധതി നിറവേറ്റുന്നതിനുവേണ്ടി അവന്റെ അഭിഷേകം പങ്കിടുന്ന അവന്റെ വിശുദ്ധ സഹോദരന്മാരും അവന്റെ കൂട്ടാളികളുമാണ്. ഇത് വേദപുസ്തകത്തിൽ ഇല്ലേ? ഇത് സുവാർത്തയല്ലേ? ഈ സദ്വാർത്ത ലോകം കേൾക്കേണ്ടതാവശ്യമാണ്. രാജ്യത്തുടനീളമുള്ള പ്രമുഖ സർവകലാശാലകളിലെ ചിന്താശക്തിയുള്ള പലരും മനുഷ്യജീവിതത്തിന്റെ അർഥത്തെക്കുറിച്ച് അത്ഭുതപ്പെടുന്നു. അനേകരും സ്വയം ചോദിക്കുന്നു, "ജീവിതത്തിന്റെ ഉദ്ദേശ്യം എന്താണ്? എന്റെ ബിരുദം കഴിഞ്ഞാൽ എന്തു സംഭവിക്കും?" സർവകലാശാലകളിലെ ആർക്കും അവരോടു പറയുവാൻ കഴിയില്ല. നാം പോയി ജീവിതത്തിന്റെ യഥാർഥ അർഥം അവരോടു പറയണം. അവർക്ക് ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ വിശുദ്ധ സഹോദരന്മാരാകുവാൻ കഴിയുമെന്ന് അവരോടു പോയി പറയുക. കർത്താവ് മടങ്ങിവരുവാൻ താമസിക്കുന്നുവെങ്കിൽ, ഞാൻ പ്രത്യാശിക്കുന്നത്, കുറച്ചു വർഷങ്ങൾക്കുശേഷം ഇത്തരത്തിലുള്ള പ്രസംഗം അമേരിക്കയിലെ എല്ലാ സർവകലാശാലകളിലും പ്രബലപ്പെടും എന്നാണ്.

അമേരിക്കയും യൂറോപ്പും എല്ലാ പ്രമുഖ രാജ്യങ്ങളും ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ വിശുദ്ധ സഹോദരന്മാരെ ഉളവാക്കുന്ന സുവിശേഷം, ഇങ്ങനെയുള്ള ഒരു സമ്പൂർണ സുവിശേഷത്തിന്റെ ഉന്നത പ്രസംഗം കേൾക്കണം. ചെറുപ്പക്കാർ ഈ ഭാരം ഏറ്റെടുക്കുകയും, കാമ്പസുകളിൽ ഈ സുവിശേഷം പ്രസംഗിക്കുകയും ചെയ്യുമെങ്കിൽ, നല്ല ചിന്താശക്തിയുള്ള അനേകം യുവാക്കൾ പിടിക്കപ്പെടും. അവർ സംതൃപ്തരാകും. ഈ ദൂതു വായിക്കുന്ന നിങ്ങളിൽ പലരും ഉയർന്ന സുവിശേഷം പ്രസംഗിക്കുന്നതിനുവേണ്ടി ഭാരമുള്ളവരാകുവാൻ തയ്യാറാണെന്ന് കർത്താവിനോടു പറഞ്ഞുകൊണ്ട് അവനുമായി ഒരു ഇടപാടുണ്ടാക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഉയർന്ന സുവിശേഷം പ്രസംഗിക്കുവാനുള്ള ഭാരം നിങ്ങൾക്കുണ്ടെങ്കിൽ, നിങ്ങളുടെ പ്രസംഗത്തെ കർത്താവ് മാനിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. "കർത്താവേ, കൂടുതൽ യുവപ്രസംഗകരെ, പൂർണമായ സുവിശേഷം പ്രസംഗിക്കുന്ന അനേകരെ ഞങ്ങൾക്കാവശ്യമാണ്!"

നാം മുന്നോട്ടു പോകുന്നതിനുമുമ്പ്, ചെറുപ്പക്കാരുമായി അല്പം കൂട്ടായ്മ ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ കർത്താവിനാൽ പൂർണമായി പിടിക്കപ്പെട്ടു, ഞാൻ ഇവിടെ എന്താണു ചെയ്യുന്നതെന്ന് എനിക്കറിയാം. ഞാൻ ദർശനം കണ്ടിരിക്കുന്നു. മുഴുവൻ പ്രപഞ്ചത്തിലും ഇതിനേക്കാൾ ഉയർന്നതായി ഒന്നുമില്ല. ഞാൻ മനുഷ്യരുടെ ഇടയിൽ ഏറ്റവും മഹത്വമേറിയ വേല ചെയ്തുകൊണ്ടിരിക്കുന്നു, നിങ്ങൾ എല്ലാവരും അതേ കാര്യം ചെയ്യണം. ഇതുകൊണ്ടാണ് ഞാൻ ഡിപ്പാർട്ട്മെന്റ്

സ്റ്റോറുകളെ ശ്രദ്ധിക്കാത്തത് — അവ വളരെ താണതാണ്. എന്റെ കൈകളിലുള്ളതിനെ ലോകത്തിലുള്ള യാതൊന്നുമായും ഞാൻ ഒരിക്കലും വ്യാപാരം ചെയ്യുകയില്ല. എന്റെ പക്കലുള്ളത് വളരെ ഉയർന്നതും വളരെ മഹത്വമുള്ളതുമാണ്. ഇന്നത്തെ ലോകത്തിന് ആവശ്യമായിരിക്കുന്നത് ഏറ്റവും ഉന്നതവും പൂർണവുമായ സുവിശേഷം പ്രസംഗിക്കുന്ന ഒരു പ്രചാരണമാണ്.

## A. രക്ഷയുടെ അവകാശികൾ

വിശുദ്ധ സഹോദരന്മാർ "ഇത്ര വലിയ രക്ഷ" (2:4) അവകാശമാക്കുന്ന, രക്ഷയുടെ അവകാശികളാണ് (1:14), അത് ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കാളികളാകുവാൻ നമ്മെ വിശുദ്ധ സഹോദരന്മാരാക്കുക മാത്രമല്ല, ദൈവത്തിന്റെ തേജസ്സിലേക്കു നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു.

## B. നിയമിക്കപ്പെട്ട അവകാശിയുടെ കൂട്ടാളികൾ

വിശുദ്ധ സഹോദരന്മാർ ദൈവത്തിന്റെ നിയമിക്കപ്പെട്ട അവകാശിയുടെ കൂട്ടാളികളും ആണ് (1:9, 2). ദൈവത്തിന്റെ പുത്രൻ സകലത്തെയും അവകാശമാക്കുവാനുള്ള ദൈവത്തിന്റെ നിയമിക്കപ്പെട്ട അവകാശിയാണ്. ഈ അവകാശി തന്റെ നിത്യപദ്ധതി നിറവേറ്റുന്നതിനുവേണ്ടി ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഒരുവനുമായി വിശുദ്ധ സഹോദരന്മാർക്ക് ഒരു പങ്കാളിത്തമുണ്ട്.

## C. നായകന്റെ അനുയായികൾ

വിശുദ്ധ സഹോദരന്മാർ രക്ഷാനായകന്റെ അനുയായികളുമാണ് (2:10). രക്ഷാനായകൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനാണ്, അവൻ ദൈവത്തിന്റെ തേജസ്സിലേക്കുള്ള വഴിയൊരുക്കിയിരിക്കുന്നു. ദിവ്യതേജസ്സിലേക്കു കൊണ്ടുവരപ്പെടുന്നതിന് ഇങ്ങനെയുള്ള ഒരു നായകന്റെ അനുയായികളാണ് വിശുദ്ധ സഹോദരന്മാർ.

## D. ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സഹോദരന്മാർ

കൂടാതെ, വിശുദ്ധ സഹോദരന്മാർ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സഹോദരന്മാരാണ്. മുമ്പത്തെ സന്ദേശങ്ങളിലൊന്നിൽ നാം കണ്ടതുപോലെ ക്രിസ്തു ദിവ്യത്വവും മനുഷ്യത്വവുമുള്ള ദൈവത്തിന്റെ ആദ്യജാതനായ പുത്രനാണ്. ദിവ്യജീവനോടുകൂടെ വീണ്ടുംജനിപ്പിക്കപ്പെട്ട മനുഷ്യരെന്ന നിലയിൽ, വിശുദ്ധ സഹോദരന്മാർ മനുഷ്യത്വവും ദിവ്യത്വവുമുള്ള ക്രിസ്തുവിന്റെ സഹോദരന്മാരാണ്. ജീവനിലും സ്വഭാവത്തിലും അവർ ക്രിസ്തുവിനെപ്പോലെയാണ്.

## E. പുനരുത്ഥാനത്തിലുള്ള സഭ

ആത്യന്തികമായി, വിശുദ്ധ സഹോദരന്മാർ പുനരുത്ഥാനത്തിലുള്ള സഭയാണ് (2:12). വ്യക്തിപരമായി അവർ ക്രിസ്തുവിന്റെ സഹോദരന്മാരാണ്; സംഘാതമായി അവർ ക്രിസ്തുവിന്റെ ശരീരമായ സഭയാണ്. ഇത് തികച്ചും പുനരുത്ഥാനത്തിലുള്ള കാര്യമാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിനുമുമ്പ് സഭ നിലവിലില്ലായിരുന്നു. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെയാണ് ക്രിസ്തുവിന്റെ സഹോദരന്മാരടങ്ങിയ സഭ നിലവിൽ വന്നത്. ഇതുകൊണ്ടാണ് അവന്റെ പുനരുത്ഥാനത്തിനുശേഷം ക്രിസ്തുവിന്റെ സഹോദരന്മാരായ സഭ ഉളവാക്കപ്പെട്ടത്. ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരത്തിലുള്ള സഭ പുനരുത്ഥാനത്തിലുള്ള സഭയായിരിക്കണം.

## F. ദൈവപുത്രനാലും മനുഷ്യപുത്രനാലും, ദൈവപുത്രനോടും മനുഷ്യപുത്രനോടുംകൂടെ വിശുദ്ധീകരിക്കപ്പെടുന്നു

വിശുദ്ധ സഹോദരന്മാർ ദൈവപുത്രനാലും മനുഷ്യപുത്രനാലും ദൈവപുത്രനോടും മനുഷ്യപുത്രനോടുംകൂടെ വിശുദ്ധീകരിക്കപ്പെടുന്നു (2:11). വിശുദ്ധീകരിക്കുന്നവൻ ദൈവപുത്രനും മനുഷ്യപുത്രനുമാണ്. പതിനൊന്നാമത്തെ സന്ദേശത്തിൽ നാം കണ്ടതുപോലെ, ദിവ്യ വിശുദ്ധിയുടെ പങ്കാളികളായിരിക്കേണ്ടതിന് നമ്മെ യോഗ്യരാക്കിയിരിക്കുന്നു. ദിവ്യ വിശുദ്ധി എന്നത് ദൈവത്തിന്റെ വിശുദ്ധ പ്രകൃതമാണ്. വിശുദ്ധിയാണ് ദൈവത്തിന്റെ പ്രകൃതം. വിശുദ്ധീകരിക്കുന്നവനെന്ന നിലയിൽ, ക്രിസ്തു ഇപ്പോൾ ദൈവത്തിന്റെ വിശുദ്ധ പ്രകൃതത്തെ നമ്മുടെ ആളത്തത്തിലേക്ക് പകർന്നുകൊണ്ട് നമ്മെ സ്വഭാവപരമായി വിശുദ്ധീകരിക്കുന്നു. ചായവൽക്കരണത്തിന്റെ ഉദാഹരണം ഞാൻ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. ഒരു ഗ്ലാസ് വെള്ളത്തെ ചായയാക്കുന്നത് അതിലേക്ക് തേയില ഇടുകയും ആ വെള്ളം പൂർണ്ണമായും ചായയാകുന്നതുവരെ വച്ചിരിക്കുകയും ചെയ്യുമ്പോഴാണ്. വെള്ളത്തെ ചായവൽക്കരിക്കുന്ന മാർഗ്ഗം വെള്ളത്തിലേക്ക് തേയിലയുടെ മൂലകം അത് സാന്ദ്രീകരിക്കപ്പെടുകയും അഭിവ്യാപിക്കപ്പെടുകയും ചെയ്യുന്നതുവരെ ചേർക്കുന്നതാണ്. അപ്പോൾ വെള്ളമെല്ലാം ചായവൽക്കരിക്കപ്പെടുകയും, അതിന് ചായയുടെ കാഴ്ചയും, നിറവും, രുചിയും, സ്വാദും ഉണ്ടായിരിക്കുകയും ചെയ്യും. ഇതാണ് ചായവൽക്കരണം. നാം ഒരു ഗ്ലാസ്സ് വെള്ളവും, ക്രിസ്തു ദിവ്യവിശുദ്ധിയുടെ, ദിവ്യപ്രകൃതത്തിന്റെ സത്തയുമാണ്. നാമെന്ന ഒരു ഗ്ലാസ്സ് വെള്ളത്തിലേക്ക്, നാം അവന്റെ വിശുദ്ധസ്വഭാവത്താൽ പൂർണമായി വിശുദ്ധീകരിക്കപ്പെടുന്നതുവരെ നമ്മെ അഭിവ്യാപിക്കുവാനും

സാന്ദ്രീകരിക്കുവാനുമായി ക്രിസ്തു അവനെത്തന്നെ നമ്മിലേക്ക് ഇട്ടിരിക്കുന്നു. ഇതാണ് വിശുദ്ധീകരണം.

Thu ⇒

## G. ദിവ്യവിശുദ്ധിയുടെ പങ്കാളികൾ

വിശുദ്ധ സഹോദരന്മാർ ദിവ്യവിശുദ്ധിയുടെ പങ്കാളികളും ആണ് (12:10). നാം ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്തിൽനിന്ന് ഒട്ടും കുറവല്ലാത്ത ദിവ്യവിശുദ്ധിയുടെ പങ്കാളികളാണ്. നാം വിശുദ്ധീകരിക്കപ്പെടുമ്പോൾ, നാം ദൈവത്തിന്റെ ഈ വിശുദ്ധ സ്വഭാവത്തിലേക്ക് സാന്ദ്രീകരിക്കപ്പെടുന്നു. ഇങ്ങനെ സാന്ദ്രീകരിക്കുന്ന മാർഗ്ഗത്താലാണ് നാം ദിവ്യവിശുദ്ധിയിൽ പങ്കെടുക്കുന്നത്.

## H. വിശുദ്ധിയെ പിൻപറ്റുന്നു

വിശുദ്ധ സഹോദരന്മാരെന്ന നിലയിൽ നാം വിശുദ്ധിയെ പിൻപറ്റണം (12:14). ഒരു വശത്ത്, നാം ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരിക്കപ്പെടുകയും (10:29); മറുവശത്ത് നാം ദൈവത്തിന്റെ വിശുദ്ധ സ്വഭാവത്താൽ വീണ്ടുംജനിക്കുകയും ചെയ്തിരിക്കുന്നു (2 പത്രൊ. 1:4). ഇപ്പോൾ ഇങ്ങനെ വിശുദ്ധീകരിക്കപ്പെട്ട വിശുദ്ധരെന്ന നിലയിൽ, നമ്മുടെ ദൈനംദിന നടപ്പിൽ നാം വിശുദ്ധിയെ പിൻപറ്റണം. വിശുദ്ധി കൂടാതെ നാം കർത്താവിനെ കാണുകയില്ല. അതില്ലാതെ, കർത്താവുമായുള്ള നമ്മുടെ കൂട്ടായ്മ ഛേദിക്കപ്പെടും. നാം എപ്പോഴും കർത്താവിനെ കാണുന്നതിന് അവനുമായുള്ള നിരന്തരമായ കൂട്ടായ്മ കാത്തുസൂക്ഷിക്കുന്നതിനായി നമുക്ക് ഒരു വിശുദ്ധജീവിതം ആവശ്യമാണ്.

## I. തേജസ്സിലേക്കുള്ള വഴിയിൽ

വിശുദ്ധ സഹോദരന്മാരെന്ന നിലയിൽ, നാം വിശുദ്ധരാക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രക്രിയയിലായിരിക്കുമ്പോൾ നാം തേജസ്സിലേക്കുള്ള വഴിയിലാണ് (2:10). വിശുദ്ധരാക്കപ്പെടുന്നത്, വിശുദ്ധീകരിക്കപ്പെടുന്നത്, നാം തേജസ്കരിക്കപ്പെടുവാനുള്ള ഒരുക്കമാണ്. നാം തേജസ്സിലേക്കുള്ള വഴിയിലായിരിക്കുമ്പോൾ, മഹാപുരോഹിതനെന്ന നിലയിൽ നമ്മുടെ ആവശ്യങ്ങൾക്ക് ശുശ്രൂഷിച്ചുകൊണ്ട് ക്രിസ്തു നമ്മെ ശുദ്ധീകരിക്കുകയും, നമ്മുടെ നായകനെന്ന നിലയിൽ തേജസ്സിലേക്കു നമ്മെ കൊണ്ടുവരുകയും ചെയ്യുന്നു.

## II. സ്വർഗീയവിളിയുടെ പങ്കാളികൾ

ഇപ്പോൾ നാം സ്വർഗീയ വിളിയുടെ പങ്കാളികളിലേക്കു വരുന്നു. ഈ ലേഖത്തിന്റെ എഴുത്തുകാരൻ സ്വർഗീയവിളിയെന്ന പ്രയോഗം ഉപയോഗിച്ചത് ഈ വിളിയെ ഭൗമിക വിളിയുമായി താരതമ്യം

ചെയ്യുന്നതിനാണ്. യെഹൂദമതത്തിലെ എല്ലാ ആളുകളും ഭൗമിക അനുഗ്രഹങ്ങൾക്കുവേണ്ടിയുള്ള ഭൗമിക വിളിയിൽ പങ്കുകൊണ്ടു. യെഹൂദമതത്തിലുള്ള യാതൊന്നും സ്വർഗീയമല്ല. എന്നാൽ ദൈവത്തിന്റെ വ്യവസ്ഥയിൽ, അവന്റെ സമ്പൂർണ രക്ഷയിൽ, ദൈവം സ്വർഗത്തിൽനിന്നും നമ്മെ വിളിക്കുകയും, സ്വർഗീയമായ സകലത്തിനുമായി നമ്മെ വിളിക്കുകയും ചെയ്തു. അതുകൊണ്ട്, ഈ വിളി ഒരു സ്വർഗീയ വിളിയാണ്. ഇതിലുള്ള എല്ലാറ്റിലും സ്വർഗീയ സ്വഭാവമുണ്ട്. വിശുദ്ധ സഹോദരന്മാരായ നാം അങ്ങനെയുള്ള ഒരു സ്വർഗീയ . വിളിയിയുടെ പങ്കാളികളാണ്. നിങ്ങൾ ഭൗമിക വിളിയോടുകൂടെ തങ്ങുവാനാണോ ഇഷ്ടപ്പെടുന്നത്, അതോ സ്വർഗീയ വിളിയിൽ പങ്കാളിയായിരുന്നുകൊണ്ട് ഒരു യഥാർഥ എബ്രായനായിരിക്കുവാൻ നദി മുറിച്ചുകടക്കുമോ?

എബ്രായലേഖനത്തിന്റെ ആശയം അനുലോമ കാര്യങ്ങളുടെ സ്വർഗീയ സ്വഭാവത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഒന്നാമത്, ക്രിസ്തു ഇന്ന് സ്വർഗത്തിൽ ഇരിക്കുന്നുവെന്ന് അത് നമ്മെ ചൂണ്ടിക്കാണിക്കുന്നു (1:3). അവൻ സ്വർഗത്തിലേക്ക് പ്രവേശിച്ചി രിക്കുന്നു (9:24). അവൻ സ്വർഗത്തിലൂടെ കടന്നുപോകുകയും (4:14) സ്വർഗങ്ങളെക്കാൾ ഉന്നതനായിത്തീരുകയും ചെയ്തു (7:26). പിന്നെ ഈ പുസ്തകം നമുക്ക് സ്വർഗീയ വിളിയെയും (3:1), സ്വർഗീയ ഉപഹാരങ്ങളെയും (6:4), സ്വർഗീയ കാര്യങ്ങളെയും (8:5), സ്വർഗീയ ദേശത്തെയും (11:16), സ്വർഗീയ യെരൂശലേമിനെയും (12:22) തുറന്നുകാട്ടുന്നു. നാം സ്വർഗത്തിൽ പേർ ചേർക്കപ്പെട്ടവരാണെന്നും (12:23) ഇന്ന് സ്വർഗത്തിൽനിന്ന് ദൈവം നമ്മെ താക്കീത് ചെയ്യുന്നുവെന്നും ഇതു പറയുന്നു (12:25). യെഹൂദമതത്തിൽ നടന്ന പഴയനിയമത്തിലുള്ള എല്ലാ കാര്യങ്ങളും ഭൗമിക സ്വഭാവമുള്ളവയായിരുന്നു. ഈ പുസ്തകത്തിൽ എഴുത്തുകാരന്റെ ഉദ്ദേശ്യം എബ്രായ ക്രിസ്ത്യാനികൾ ഭൗമിക കാര്യങ്ങളെ ഉപേക്ഷിച്ചുകൊണ്ട് സ്വർഗീയമായവയിലേക്ക് തങ്ങളെത്തന്നെ ചേർക്കേണ്ടതിന് അവരെ പുതിയനിയമത്തിന്റെ സ്വർഗീയ സ്വഭാവവും പഴയനിയമത്തിന്റെ ഭൗമിക സ്വഭാവവും തമ്മിലുള്ള വ്യത്യാസം കാണിക്കുക എന്നതാണ്.

## A. സ്വർഗീയ ക്രിസ്തുവിലേക്ക്

സ്വർഗീയ വിളി ആദ്യം നമ്മെ സ്വർഗീയ ക്രിസ്തുവിലേക്ക് വിളിക്കുന്നു (1:3, 13; 4:14; 6:20; 7:26; 9:24; 10:12). ഇന്ന് ക്രിസ്തു എവിടെയാണ്? അവൻ സ്വർഗത്തിലാണ്. അവൻ ഭൂമിയിലായിരുന്നു, അവൻ ഭൂമിയിലേക്കു മടങ്ങിവരുകയും ചെയ്യും, എന്നാൽ ഇപ്പോൾ അവൻ സ്വർഗത്തിലാണ്. നാം ഭൂമിയിലായിരിക്കുമ്പോൾ ഒരു സ്വർഗീയ ജീവിതം നയിക്കുന്നതിനായി നമുക്കെപ്പോഴും സ്വർഗീയജീവനും സഹായവും ധനവും ശുശ്രൂഷിക്കുന്ന സ്വർഗീയ ക്രിസ്തുവാണ് അവൻ.

## B. സ്വർഗീയ പേർ ചേർക്കലോടെ

വിശുദ്ധ സഹോദരന്മാർ സ്വർഗീയ വിളിയിൽ പങ്കാളികളായെങ്കിലും അവർ ഇപ്പോഴും ഭൂമിയിലാണ്. എങ്കിലും അവരുടെ പേരുകൾ സ്വർഗത്തിൽ എഴുതിയിരിക്കുന്നതിനാൽ അവർ സ്വർഗത്തിൽ പേർ ചേർക്കപ്പെട്ടവരാണ് (12:23). ഇന്നു നാം സ്വർഗത്തിലല്ലെങ്കിലും, നമ്മുടെ പേരുകൾ അവിടെ എഴുതിയിരിക്കുന്നു. നാം സ്വർഗീയ പേർ ചേർക്കൽ പങ്കിടുന്ന സ്വർഗീയ വിളിയുടെ പങ്കാളികളാണ്. അതിനാൽ നാം സ്വർഗീയ ജനമാണ് (ഫിലി. 3:20).

## C. സ്വർഗീയ ഉപഹാരം രുചിക്കുവാൻ

സ്വർഗീയ വിളിയുടെ പങ്കാളികളെന്ന നിലയിൽ നാം സ്വർഗീയ ഉപഹാരം രുചിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു (6:4). സ്വർഗീയ ഉപഹാരം എന്നത്, പാപമോചനം, നീതി, ദിവ്യജീവൻ, സമാധാനം, സന്തോഷം എന്നിങ്ങനെ നമ്മുടെ രക്ഷയുടെ സമയത്ത് ദൈവത്താൽ നമുക്കു നൽകപ്പെട്ട സ്വർഗീയ കാര്യങ്ങളായിരിക്കണം. സ്വർഗീയ വിളിയുടെ പങ്കാളികളെന്ന നിലയിൽ നാം എല്ലാവരും ഈ സ്വർഗീയ കാര്യങ്ങൾ രുചിച്ചിട്ടുണ്ട്.

## D. സ്വർഗീയ ആരാധന ഉണ്ടായിരിക്കുവാൻ

സ്വർഗീയ വിളിയുടെ പങ്കാളികളെന്ന നിലയിൽ നമുക്ക് സ്വർഗീയ ആരാധനയും ഉണ്ടായിരിക്കണം (8:5; 9:23-24). നാം ഭൂമിയിലാണെങ്കിലും, ദൈവത്തോടുള്ള നമ്മുടെ ആരാധന സ്വർഗീയമായിരിക്കണം. വിശുദ്ധ സഹോദരന്മാർ വിളിക്കപ്പെട്ടിരിക്കുന്നത് ഭൂമിയിൽ സ്വർഗീയ ആരാധന ഉണ്ടായിരിക്കുന്നതിനാണ്. ഏതെങ്കലും ഭൗമിക സ്വഭാവത്തിൽനിന്ന് നമ്മുടെ ആരാധനയെ നാം സൂക്ഷിക്കണം. നമ്മുടെ ജീവിതവും ആരാധനയും സ്വർഗീയമായിരിക്കണം.

## E. സ്വർഗീയ യെരൂശലേമിലേക്കു വരുവാൻ

പഴയനിയമത്തിൻ കീഴിലുണ്ടായിരുന്നവർ ഭൗമിക യെരൂശലേമിലേക്കു വന്നു. എന്നാൽ സ്വർഗീയവിളിയുടെ പങ്കാളികളായ നാം സ്വർഗീയ യെരൂശലേമിലേക്കു വരുന്നു (12:22). ഭൗമിക യെരൂശലേം അടിമത്തത്തോടുകൂടിയ ന്യായപ്രമാണത്തിന്റെ പ്രതീകമായിരിക്കുമ്പോൾ (ഗലാ. 4:25), സ്വർഗീയ യെരൂശലേം സ്വാതന്ത്ര്യത്തോടുകൂടിയ കൃപയുടെ അടയാളമായിരിക്കുന്നു (ഗലാ 4:26). ദാസ്യത്തിന്റെ മക്കൾ ഭൗമിക യെരൂശലേമിലേക്കു വരുന്നതുപോലെ എബ്രായ വിശ്വാസികൾ ന്യായപ്രമാണത്തിൻകീഴിൽ തുടരരുത്. അവർ ഭൗമിക

യെരൂശലേമിനെ ഉപേക്ഷിക്കുകയും കൃപയിൻ കീഴിലുള്ള സ്വാതന്ത്ര്യത്തിന്റെ മക്കളായി സ്വർഗീയമായതിലേക്കു വരികയും ചെയ്യണം.

## F. സ്വർഗീയ ദേശത്തിലേക്കു പോകുവാൻ

സ്വർഗീയ വിളിയുടെ പങ്കാളികളായ നാം സ്വർഗീയ ദേശത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു (11:16). ഭൂമിയിലൂടെ യാത്രചെയ്യുന്ന നാം സ്വർഗീയ ദേശത്ത് എത്തിച്ചേരും.

## G. പരിശുദ്ധാത്മാവിന്റെ പങ്കാളികൾ

സ്വർഗീയ വിളിയുടെ പങ്കാളികളായ നാം പരിശുദ്ധാത്മാവിന്റെ പങ്കാളികളും ആണ് (6:4). പരിശുദ്ധാത്മാവിനെ നല്ലാമെന്നാണ് ദൈവം തന്റെ സുവിശേഷത്തിൽ മനുഷ്യന് വാഗ്ദത്തം ചെയ്തിരിക്കുന്നത് (ഗലാ. 3:14). തന്റെ സുവിശേഷത്തിൽ, ദൈവം തന്റെ പരിശുദ്ധാത്മാവിൽ പങ്കാളികളാകുന്നതിന് സ്വർഗത്തിൽനിന്ന് സ്വർഗീയ കാര്യങ്ങളിലേക്കു നമ്മെ വിളിച്ചിരിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലാണ് നാം സ്വർഗീയ ഉപഹാരം രുചിച്ചത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലാണ് നമുക്ക് ഭൂമിയിൽ ഒരു സ്വർഗീയ ജീവിതം നയിക്കുവാൻ കഴിയുന്നത്. പരിശുദ്ധാത്മാവിനാലാണ് നമുക്ക് ദിവ്യ വിശുദ്ധിയിൽ പങ്കുകൊള്ളുവാൻ കഴിയുന്നത്. പരിശുദ്ധാത്മാവ് ദൈവം തന്നെയാണ്. പരിശുദ്ധാത്മാവിന്റെ പങ്കാളികൾ എന്ന നിലയിൽ, നമ്മുടെ ആസ്വാദനമായി നാം ദൈവത്തിൽനിന്ന് പങ്കുകൊള്ളുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവിനാലുമാണ് നമുക്ക് സ്വർഗീയ ആരാധന ഉണ്ടായിരിക്കുവാൻ കഴിയുന്നത്.

## H. ദിവ്യ ശിക്ഷണത്തിന്റെ പങ്കാളികൾ

സ്വർഗീയ വിളിയുടെ പങ്കാളികളെന്ന നിലയിൽ നാം ദിവ്യ ശിക്ഷണത്തിലും പങ്കുകൊള്ളുന്നു (12:8). ഗ്രേറ്റ് ബ്രിട്ടനിൽ കിരീടാവകാശിക്ക്, സിംഹാസനത്തിലേക്കുള്ള അനന്തരാവകാശിക്ക്, വളരെയധികം ശിക്ഷണം ലഭിക്കുന്നുവെന്ന് ഞാൻ കേട്ടിട്ടുണ്ട്. ഒരു രാജകുമാരൻ സിംഹാസനം ഏറ്റെടുക്കുന്നതിനും അവന് രാജത്വം ഉണ്ടായിരിക്കുന്നതിനും മുമ്പ് ശിക്ഷണവിധേയനാകേണ്ടതുണ്ട്. ഇത്തരത്തിലുള്ള ശിക്ഷണത്തിൽ നിന്നാണ് നാം ഇപ്പോൾ പങ്കുകൊള്ളുന്നത്. സിംഹാസനത്തിന്റെ അനന്തരാവകാശികളെന്ന നിലയിൽ നാമെല്ലാവരും ദിവ്യ ശിക്ഷണത്തിൻ കീഴിലാണ്. വിശുദ്ധ സഹോദരന്മാരെന്ന നിലയിൽ നമ്മുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവിനാൽ നമ്മിലേക്കു കൊണ്ടുവരപ്പെടുന്ന ദിവ്യ വിശുദ്ധിയിൽനിന്ന് നാം പങ്കുകൊള്ളേണ്ടതാവശ്യമാണ്. സ്വർഗീയ വിളിയുടെ പങ്കാളികളെന്ന

നിലയിൽ, നമ്മുടെ പരിതസ്ഥിതിയിലൂടെ പരിശുദ്ധാത്മാവിനാൽ നിർവഹിക്കപ്പെട്ട ദിവ്യ ശിക്ഷണത്തിൽനിന്ന് നാം പങ്കുകൊള്ളണം. വിശുദ്ധ സഹോദരന്മാരായ നാം സ്വർഗീയ വിളിയുടെ മാത്രമല്ല, പരിശുദ്ധാത്മാവിന്റെയും, ദിവ്യ വിശുദ്ധിയുടെയും, ദൈവത്തിന്റെ അഭിഷിക്തന്റെ ശരിയായ കൂട്ടാളികളാകേണ്ടതിന് തികഞ്ഞവരാക്കപ്പെടുവാനും, സജ്ജരാക്കപ്പെടുവാനും, യോഗ്യരാക്കപ്പെടുവാനും ദിവ്യ ശിക്ഷണത്തിന്റെയും പങ്കാളികളാണ്.